DISPATCHED
14/02/2022

9/2/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1581(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ: 14150/SIC-G4/2021)**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**
**തീയതി : 2022 ഫെബ്രുവരി 9**

ശ്രീ. അഭിലാഷ് ആന്റണി തേറാട്ടിൽ,
തേറാട്ടിൽ നിലയാറ്റിങ്കൽ ഹൗസ്,
കല്ലേറ്റുംകര – 680 683, തൃശ്ശൂർ. } അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
പ്രധാന അധ്യാപിക,
തെക്കുംമുറി ഹൈസ്കൂൾ,
പുത്തൻചിറ – 680 682.
2) അപ്പീൽ അധികാരി &
വിദ്യാഭ്യാസ ജില്ലാ ഓഫീസർ,
വിദ്യാഭ്യാസ ജില്ലാ ഓഫീസ്,
സിവിൽ സ്റ്റേഷൻ, ഇരിങ്ങാലക്കുട – 680 125. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 02/07/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 04/08/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 24/08/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 01/09/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 30/10/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 02/11/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 10/11/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 26/11/2021 |
| ഹിയറിംഗ് നടന്ന തീയതി | 08/02/2022-(വീഡിയോ/ ഓഡിയോ ഹിയറിംഗ്) |
| ഹിയറിംഗ് സാന്നിദ്ധ്യം :അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. അഭിലാഷ് ആന്റണി തേറാട്ടിൽ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, അപേക്ഷയിലെ 1, 2(എ), 3(എ), 3(ബി) എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട പകർപ്പ് നൽകാതെയും തെറ്റിദ്ധരിപ്പിക്കുന്നതും സമയപരിധി പാലിക്കാതെയും ഓഫീസ് ഫയൽ നമ്പർ, അപ്പീൽ അതോറിറ്റിയുടെ പേര്, തസ്തിക എന്നിവ രേഖപ്പെടുത്താതെയും അപ്പീലധികാരിയുടെ ഉത്തരവ് പാലിക്കാതെയുമാണ് വിവരാവകാശ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ. മറുപടി നൽകിയതെന്നും ആയതിനാൽ ടിയാൾക്കെതിരെ വിവരാവകാശ നിയമം 20(1) (2) വകുപ്പുകൾ പ്രകാരമുള്ള അച്ചടക്ക

നടപടി സ്വീകരിക്കണമെന്നും ടിയാന്റെ അപേക്ഷയ്ക്ക് കൃത്യവും വ്യക്തവുമായ രേഖകൾ നൽകുവാനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, തെക്കുംമുറി ഹൈസ്ക്കൂൾ വിഭാഗം അധ്യാപകനായ ഹർജിക്കാരന്റെ വിവിധ കാലഘട്ടങ്ങളിലെ പേ-ഫിക്സേഷൻ സ്റ്റേറ്റ്മെന്റുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിവരങ്ങളും രേഖകളും സാക്ഷ്യപ്പെടുത്തി നൽകണമെന്നാണ്:

i. School office Inward Register ന്റെ 01.04.2018 മുതൽ 31.12.2019 വരെയുള്ള കാലഘട്ടത്തിന്റെ പകർപ്പ്

ii. (എ) ഇരിങ്ങാലക്കുട വിദ്യാഭ്യാസ ജില്ലാ ഓഫീസ് അംഗീകരിച്ച് നൽകിയ ഉത്തരവ് നമ്പർ: ബി2–2720, തീയതി 24.5.2018–ലെ ടിയാന്റെ റിവൈസ്ഡ് സ്കെയിൽ (25200 – 54000) പേ-ഫിക്സേഷൻ സ്റ്റേറ്റ്മെന്റിന്റെ പകർപ്പ്
(ബി) മേൽപ്പടി ഉത്തരവ് എന്നാണ് സ്കൂൾ ഓഫീസിൽ ലഭിച്ചതെന്നും സ്കൂൾ ഓഫീസ് ഇൻവേർഡ് രജിസ്റ്ററിന്റെ പകർപ്പ് ലഭ്യമാക്കണമെന്നും

iii. (എ) ഇരിങ്ങാലക്കുട വിദ്യാഭ്യാസ ജില്ലാ ഓഫീസ് അംഗീകരിച്ച് നൽകിയ ഉത്തരവ് നമ്പർ: ബി2–8049/18, തീയതി 27.9.2018–ലെ Rule 28 A Part I KSR Fixation Statement - ന്റെ പകർപ്പ് ലഭ്യമാക്കണമെന്നും
(ബി) മേൽപ്പടി ഉത്തരവ് എന്നാണ് സ്കൂൾ ഓഫീസിൽ ലഭിച്ചതെന്നും, സ്കൂൾ ഓഫീസ് ഇൻവേർഡ് രജിസ്റ്ററിന്റെ പകർപ്പ് ലഭ്യമാക്കണമെന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 4.8.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന് നൽകിയ രേഖകൾ കൃത്യമല്ലാത്തത് കൊണ്ടും, രേഖകൾ കൈമാറാത്തതിനാലുമാണ് അപ്പീൽ സമർപ്പിക്കുന്നതെന്നും അപേക്ഷയിലെ ചോദ്യം 1, 2(ബി), 3(എ), 3(ബി) എന്നിവയിൽ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകളും മറുപടിയും കൃത്യമായി നൽകുവാനുള്ള നടപടി സ്വീകരിക്കണമെന്നും വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്ക് കൃത്യമായ രേഖകൾ നൽകാതിരിക്കുകയും തെറ്റിദ്ധരിപ്പിക്കുന്ന മറുപടികൾ നൽകുകയും ചെയ്ത എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം 20(1), (2) വകുപ്പുകൾ പ്രകാരമുള്ള ശിക്ഷാനപടി സ്വീകരിക്കണമെന്നുമാണ്. ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകൾ 2 ദിവസത്തിനകം നൽകണമെന്ന് നിർദ്ദേശം നൽകി മേൽപ്പടി അപ്പീൽ അപേക്ഷയ്ക്ക് രണ്ടാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായും കാണുന്നു.

4. ഒന്നാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ടി വിദ്യാലയത്തിൽ പ്രധാന അധ്യാപികയായി ചാർജ്ജെടുത്ത ശേഷം ചുരുങ്ങിയ കാലയളവിൽ അവിടത്തെ അധ്യാപകനായ അപേക്ഷകൻ ശ്രീ. അഭിലാഷ് ആന്റണി തേറാട്ടിൽ 15–ഓളം വിവരാവകാശ അപേക്ഷകളും നിരവധി അപ്പീൽ അപേക്ഷകളുമാണ് സമർപ്പിച്ചിരിക്കുന്നതെന്നും കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് സ്കൂൾ അടച്ച കാലയളവിലൊഴികെ എല്ലാ അപേക്ഷകൾക്കും സമയപരിധിക്കുള്ളിൽത്തന്നെ മറുപടികൾ നൽകിയിട്ടുണ്ടെന്നും ഹർജിക്കാരനുമായി ബന്ധപ്പെട്ട ഏതു കാര്യത്തിനും വിവരാവകാശ അപേക്ഷകൾ നൽകുകയും മറുപടിക്കെതിരെ അപ്പീൽ നൽകുകയും സ്ഥിരം ഏർപ്പാടായി തുടരുകയാണെന്നും ടി വിദ്യാലയത്തിൽ സ്ഥിരമായി എത്തി ജോലി ചെയ്യുന്ന ഒരു വ്യക്തി ഇത്തരത്തിൽ നിരന്തരം വിവരാവകാശ അപേക്ഷകൾ എല്ലാ കാര്യത്തിനും നൽകുകയും നിരന്തരം അപ്പീൽ നൽകുകയും ചെയ്യുന്നത് ടി വിദ്യാലയത്തിലെ പ്രധാന അധ്യാപിക എന്ന നിലയിലുള്ള ഔദ്യോഗിക കൃത്യ നിർവ്വഹണത്തിന് വലിയ ബുദ്ധിമുട്ടാണ് ഉണ്ടാക്കുന്നത് എന്നും ഒരു ഹൈസ്ക്കൂൾ പ്രധാനധ്യാപികയ്ക്ക് ഭാരിച്ച ഉത്തരവാദിത്വങ്ങൾ നിറവേറ്റണ്ടതായി വരുന്നതിനാൽ നിരന്തര അപേക്ഷകളും അപ്പീലുകളും നൽകുന്ന മാനസിക സംഘർഷങ്ങളും വളരെ വലുതാണെന്നും അക്കാദമിക്ക് കാര്യങ്ങൾക്ക് വേണ്ട ശ്രദ്ധ നൽകാൻ കഴിയാത്ത അവസ്ഥയാണെന്നും നൽകുന്ന മറുപടി ഉപയോഗിച്ച് വ്യാജ പരാതികൾ ഉയർന്ന ഓഫീസുകളിൽ നൽകി വിവരാവകാശ നിയമത്തെ ദുരുപയോഗം ചെയ്യുന്നത് ഇദ്ദേഹത്തിന്റെ സ്ഥിരം രീതിയാണെന്നും ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ ഇടപെടൽ കമ്മീഷന്റെ ഭാഗത്തു നിന്നും ഉണ്ടാകണമെന്നും വിവരാവകാശ നിയമത്തെ ദുരുപയോഗം ചെയ്യുന്നതിനെതിരെ നടപടി ഉണ്ടാകണമെന്നും ഹർജിക്കാരന്റെ അപേക്ഷ 7.7.2021–ന് ലഭിച്ചിരുന്നുവെങ്കിലും കോവിഡ് വ്യാപന മേഖലയായതിനാൽ 16.8.2021–നാണ് സ്കൂൾ തുറന്ന് പ്രവർത്തനം തുടങ്ങിയതെന്നും, 1.4.2018 മുതൽ നിരവധി വിവരാവകാശ അപേക്ഷകൾ ഹർജിക്കാരൻ സമർപ്പിച്ചിട്ടുണ്ടെന്നും . ആയതിനെല്ലാം സമയപരിധിക്കുള്ളിൽ മറുപടി നൽകിയിട്ടുള്ളതാണെന്നും മന:പൂർവ്വം മറുപടി വൈകിപ്പിച്ചിട്ടില്ലെന്നും അപേക്ഷയിലെ 1, 2, 3 എന്നീ ചോദ്യത്തിൽ ആവശ്യപ്പെട്ട വിവരങ്ങൾ രേഖപ്പെടുത്തിയ സ്കൂൾ ഇൻവേർഡ് രജിസ്റ്റർ ഒന്നുതന്നെയാണെന്നും ആയത് നൽകിയിട്ടുള്ളതാണെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട പേ–ഫിക്സേഷൻ സ്റ്റേറ്റ്മെന്റ് പകർപ്പ് നൽകിയിട്ടുള്ളതാണെന്നുമാണ്.

5. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല എന്ന് അപ്പീൽ അപേക്ഷയിൽ വ്യക്തമാക്കിയതനുസരിച്ച് 1.9.2021–ന് റിപ്പോർട്ട് ആവശ്യപ്പെട്ട പ്രകാരം 16.9.2021–ന് ലഭിച്ച റിപ്പോർട്ടിൽ സ്കൂൾ ഇൻവേർഡ് രജിസ്റ്ററിന്റെ പകർപ്പ്

സമർപ്പിച്ചിരുന്നു എന്നും എന്നാൽ ഫിക്സേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമല്ല എന്നാണ് മറുപടിയിൽ എഴുതിയിരുന്നതെന്നും മറുപടി തൃപ്തികരമല്ലാത്തതിനാൽ കൃത്യമായ മറുപടി 2 ദിവസത്തിനുള്ളിൽ അപേക്ഷകന് നൽകേണ്ടതാണെന്നും ആയതിന്റെ പകർപ്പ് ടി കാര്യാലയത്തിൽ ഹാജരാക്കേണ്ടതാണെന്നും നിർദ്ദേശിച്ച് 29.9.2021-ന് കത്ത് നൽകിയിരുന്നു എന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട ബി2-8049/18/എൻ.ഡിസ് തീയതി 27.9.2018 പേ ഫിക്സേഷൻ സ്റ്റേറ്റ്മെന്റ് അപാകതയുള്ളതിനാൽ റിജക്റ്റ് ചെയ്ത ഫയലാണെന്നും അപാകതകൾ പരിഹരിച്ച് പുന:സമർപ്പിക്കുകയും ബി2-4847/2019/കെ.ഡിസ് തീയതി 18.6.2019 പ്രകാരം അംഗീകരിച്ച് ലഭിച്ച ഉത്തരവിന്റെ പകർപ്പ് അപേക്ഷകന് ലഭ്യമാക്കിയിട്ടുള്ളതാണെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, അപേക്ഷയ്ക്ക് കൃത്യവും വ്യക്തവുമായ മറുപടി നൽകിയില്ല, പകർപ്പുകൾ നൽകാതെ കബളിപ്പിച്ചു, അപ്പീൽ അധികാരിയുടെ ഉത്തരവ് പാലിച്ചില്ല, ഫയൽ നമ്പർ, അപ്പീൽ അധികാരിയുടെ പേര്, തസ്തിക എന്നിവ ചേർക്കാതെ മറുപടി നൽകി, വിവരാവകാശ രജിസ്റ്റർ സൂക്ഷിക്കുന്നില്ല തുടങ്ങി നിരവധിയായ ആരോപണങ്ങളാണ് ഹർജിക്കാരൻ ഒന്നാം എതിർകക്ഷിയ്ക്കെതിരെ അപ്പീൽ അപേക്ഷയിൽ ഉന്നയിച്ചതായി കാണുന്നത്. വിവരാവകാശ നിയമപ്രകാരം മറുപടി നൽകുന്ന രീതി വ്യക്തമാക്കി കൊണ്ടുള്ള ഗൈഡ് ലൈൻസ് 30.3.2016-ലെ 69503/സി.ഡി.എൻ-5/2015/ജി.എ.ഡി. നമ്പറായി സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കുലറിന് വിരുദ്ധമായി പൂർണ്ണമായി വിവരങ്ങൾ നൽകാതെ മേൽ പറഞ്ഞ പ്രകാരമുള്ള വീഴ്ചകൾ വരുത്തി വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകിയത് വിവരാവകാശ നിയമം 20(1) വകുപ്പു പ്രകാരം ശിക്ഷാർഹമാണ്. ആയതിനാൽ ഇത്തരത്തിലുള്ള വീഴ്ചകൾ സംഭവിക്കാതെ ഭാവിയിൽ വിവരാവകാശ അപേക്ഷകൾ കൂടുതൽ ജാഗ്രതയോടെ കൈകാര്യം ചെയ്യണമെന്ന് ഒന്നാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. ഹർജിക്കാരൻ അപ്പീൽ നൽകിയതിന് ശേഷം ലഭ്യമായ വിവരങ്ങൾ ഒന്നാം എതിർകക്ഷി നൽകിയിട്ടുണ്ടെങ്കിലും ടി മറുപടിയിലും ഹർജിക്കാരൻ ആക്ഷേപം ഉന്നയിച്ചിരിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട രേഖകൾ നേരിട്ട് പരിശോധിച്ച് ആവശ്യമായ പകർപ്പുകൾ വിവരാവകാശ നിയമ പ്രകാരമുള്ള ഫീസ് ഒടുക്കി എടുക്കുന്നതിനുള്ള അനുമതി ഒന്നാം എതിർകക്ഷി ഹർജിക്കാരന് നൽകേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

8. വിവരാവകാശ നിയമപ്രകാരം അപ്പീൽ തീർപ്പാക്കുന്നത് ഒരു അർദ്ധ ജുഡീഷ്യൽ പ്രവർത്തിയാണ്. ആയതിനാൽ നീതി നടപ്പാക്കിയെന്ന് ഉറപ്പു വരുത്തേണ്ട ചുമതല കൂടി അപ്പീൽ അധികാരിയിൽ നിക്ഷിപ്തമാണ്. ഇക്കാര്യത്തിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ 2 ദിവസത്തിനകം നൽകണമെന്ന് എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കുക മാത്രമാണ് രണ്ടാം എതിർകക്ഷി

ചെയ്തിട്ടുള്ളതായി കാണുന്നത്. ഹർജിക്കാരന്റെ അപ്പീൽ ഹർജി ഗൗരവത്തോടെ കണക്കിലെടുത്ത് തീർപ്പാക്കിയിരുന്നുവെങ്കിൽ ടിയാന് നിരന്തരമായി വിവരാവകാശ അപേക്ഷ നൽകേണ്ടതായോ രണ്ടാം അപ്പീലുമായി കമ്മീഷനെ സമീപിക്കേണ്ടതായോ വരികയില്ലായിരുന്നു. ആയതിനാൽ ഭാവിയിൽ കൂടുതൽ ജാഗ്രത പുലർത്തി വിവരാവകാശ അപ്പീൽ അപേക്ഷകൾ കൈകാര്യം ചെയ്യാൻ രണ്ടാം എതിർകക്ഷിയും ശ്രദ്ധിക്കണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

9. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഫെബ്രുവരി 9-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM